**പതിനാലാം കേരള നിയമസഭ**

**നാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1352 — 02-03-2017 -ൽ മറുപടിക്ക്

## വരൾച്ച ദുരിതാശ്വാസ സഹായം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. കെ.വി. വിജയദാസ്** | | **ശ്രീ.ഇ. ചന്ദ്രശേഖരൻ (റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | വരൾച്ച ദുരിതത്തിന്റെ വിശദമായ കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ഫലമായി ദുരിതാശ്വാസ സഹായം അനുവദിക്കുമോ; | എ) | ഉണ്ട്. സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡ പ്രകാരം നിലവിലുള്ള ഫണ്ടിന്റെ ലഭ്യതയനുസരിച്ചും നാശനഷ്ടത്തിന്റെ തോത് വിലയിരുത്തിയും 'ആശ്വാസ ധനസഹായം' അനുവദിച്ചു വരുന്നുണ്ട്. |
| ബി) | പാലക്കാട് ജില്ലയിൽ കൃഷിക്ക് ജലം ലഭിക്കാത്തതിനാൽ വൻ കൃഷിനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ, കൃഷിക്ക് ജലം ലഭ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദവിവരം നൽകുമോ? | ബി) | 28-10-2016-ൽ ചേർന്ന സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി യോഗത്തിൽ വെള്ളം ഉപയോഗിക്കുന്നതിന് കുടിവെള്ളം, ഗാർഹിക ഉപയോഗം, വളർത്തു മൃഗങ്ങൾക്ക്, വന്യജീവികൾക്ക്, കൃഷിക്ക്, വ്യവസായത്തിന് എന്ന മുൻഗണനാ ക്രമം 2017 മെയ് മാസം വരെ പാലിക്കുവാൻ തീരുമാനിച്ചു. ജൂൺ 2016 മുതൽ ഡിസംബർ 2016 വരെ ലഭിക്കേണ്ട മഴയിൽ 40% കുറവാണ് ലഭിച്ചത്. ഇതിനാൽ ജലാശയങ്ങളിൽ ശരാശരി അളവിലും വളരെ കുറവ് ജലം മാത്രമാണ് ഈ കാലവർഷകാലഘട്ടത്തിലും, തുലാവർഷകാലഘട്ടത്തിലും ഉണ്ടായിരുന്നത്. പാലക്കാട് ജില്ലയിലെ ജലാശയങ്ങളിൽ കുടിവെള്ള വിതരണത്തിന് ആവശ്യമായ അളവിലുള്ള ജലം മാത്രമാണ് അവശേഷിക്കുന്നത്. ഭൂജല വ്യതിയാനവും ശ്രദ്ധിക്കേണ്ട അളവിലാണ്. അതിനാൽ, കൃഷിക്ക് ജലം ലഭ്യമാക്കുന്നത് തൽകാലം പരിഗണിക്കുവാൻ സാധിക്കില്ല എന്നതിനാൽ ജലം കൃഷി ആവശ്യത്തിനായി നൽകേണ്ടതില്ല എന്ന് തീരുമാനിക്കുകയും പാലക്കാട് ജില്ലാകളക്ടർ അതിന്റെയടിസ്ഥാനത്തിൽ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ